(ബി) ടെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നത് റെയിൽവേയാണ്. എന്നിരുന്നാലും ഇതുപോലുള്ള ഒറ്റപ്പെട്ട സംഭവങ്ങളെ തുടർന്ന് യാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാൻ ടെയിനുകളിലും പ്ലാറ്റ്ഫോമിലും വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും വില, ഗുണനിലവാരം, അളവ് എന്നിവ തുടർച്ചയായി നിരീക്ഷിക്കണമെന്ന് സംസ്ഥാന സർക്കാർ റെയിൽവേയോട് ഇതിനകം ആവശ്യപ്പെട്ടിട്ടുണ്ട്.

തീവണ്ടികൾക്കുനേരെയുള്ള അജ്ഞാത കല്ലേറ്

69 (415) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സഞ്ചരിക്കുന്ന തീവണ്ടികൾക്കുനേരെയുള്ള അജ്ഞാത കല്ലേറ് കാരണം അപകടങ്ങൾ വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ പരിക്കേൽക്കുകയും കാഴ്ച നഷ്ടപ്പെടുകയും ചെയ്യുന്നവർക്ക് എന്തെങ്കിലും സഹായം അനുവദിക്കാറുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(സി) യാത്രക്കാരുള്ള തീവണ്ടികൾക്കുനേരെ കല്ലേറു നടത്തുകയും മറ്റ് അതിക്രമങ്ങൾ നടത്തുകയും ചെയ്യുന്നവർക്കെതിരെ ഏത് നിയമപ്രകാരമാണ് നടപടി സ്വീകരിക്കുന്നത് ;

(ഡി) സഞ്ചരിക്കുന്ന തീവണ്ടികൾക്കുനേരെ കല്ലേറ് നടത്തുന്നത് തടയുന്നതിന് ബോധവൽക്കരണം നൽകുന്നതിനും അതിക്രമങ്ങൾ നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. "Railway Claims Tribunal" മുഖേന സഹായം അനുവദിക്കാറുണ്ട്.

(സി) ഇത്തരം കേസ്സുകളിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെയും ഇന്ത്യൻ റെയിൽവേ നിയമത്തിലേയും പൊതുമുതൽ നശിപ്പിക്കൽ (തടയൽ) നിയമത്തിലെയും ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരമാണ് നടപടി സ്വീകരിക്കുന്നത്.

(ഡി) ശ്രദ്ധ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly